## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5050 06-02-2014-ൽ മറുപടിക്ക്.

### സ്പിരിറ്റ് കേസുകളുടെ അന്വേഷണം

ചോദ്യം:
ശ്രീ. വി.ചെന്താമരാക്ഷൻ:

ഉത്തരം:
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്പിരിറ്റ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 168 സ്പിരിറ്റ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 26 |
| കൊല്ലം | 12 |
| പത്തനംതിട്ട | 12 |
| ആലപ്പുഴ | 40 |
| കോട്ടയം | 4 |
| എറണാകുളം | 5 |
| തൃശ്ശൂർ | 5 |
| ഇടുക്കി | 9 |
| പാലക്കാട് | 30 |
| കോഴിക്കോട് | - |
| മലപ്പുറം | 2 |
| വയനാട് | 1 |
| കണ്ണൂർ | - |
| കാസർഗോഡ് | 22 |
| ആകെ | 168 |

(ബി) സ്പിരിറ്റ് കേസുകളുടെ അന്വേഷണം പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഊർജ്ജിതമായി അന്വേഷണം നടത്തി, പൂർത്തിയായ സ്പിരിറ്റ് കേസുകളുടെ ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ചില കേസുകളിൽ പ്രതികൾ അന്യസംസ്ഥാനത്തുള്ള വരായതിനാൽ അവരെ കണ്ടെത്താൻ സാധിക്കാതെ വരുന്നതും, സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്താനുള്ള കാലതാമസവും, വ്യാജ എൻജിൻ നമ്പറും, ചേസിസ് നമ്പറുമുള്ള വാഹനങ്ങളിലെ സ്പിരിറ്റ് കടത്തും മൂലമാണ് കേസന്വേഷണത്തിന് താമസം നേരിടുന്നത്.

(സി) സ്പിരിറ്റ് കേസുകളിൽ എക്സൈസ് ജീവനക്കാരുടെ പങ്കിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ; നിലവിൽ ഏതെങ്കിലും ജീവനക്കാർ ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) ഉണ്ട്. പാലക്കാട് ഡിവിഷനിൽ സ്പിരിറ്റ് കേസുമായി ബന്ധപ്പെട്ട് 4 ജീവനക്കാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി വരുന്നു. കഴക്കൂട്ടം റെയ്ഞ്ചിൽ, സി.ആർ.42/10 നമ്പർ കേസിൽ, ഒരു പ്രിവന്റീവ് ഓഫീസറെ അറസ്റ്റ് ചെയ്യുകയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ